# ട്രെൻഡാകുന്ന ബുട്ടീക് ഹോസ്പിറ്റൽ; സാധ്യത അവസരമാക്കി ഫ്യൂച്ചർഏസ്

**അതിവേഗം മാറ്റങ്ങൾ സംഭവിക്കുന്ന കേരളത്തിന്റെ ആരോഗ്യ പരിപാലനരംഗത്തെ പുത്തൻ പരീക്ഷണമാണ് ഡോ. അഷ്ന പി എയുടെ നേതൃത്വത്തിൽ ഇടപ്പള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫ്യൂച്ചർഏസ് ആശുപത്രി. പരിശോധനയ്ക്കായുള്ള ദീർഘനേര കാത്തിരിപ്പുകൾ കൂടാതെ രോഗികളുടെ ആരോഗ്യത്തിനും സമയത്തിനും പ്രാധാന്യം നൽകി പ്രവർത്തിക്കുന്ന ഈ ആശുപത്രിയുടെ പ്രവർത്തനം അടിമുടി വ്യത്യസ്തമാണ്**

Text: ലക്ഷ്മി നാരായണൻ



കേ

രളത്തിൽ, പ്രത്യേകിച്ച് കൊച്ചി നഗരത്തെ സംബന്ധിച്ച് ആരോഗ്യപരിപാലന രംഗത്ത് അതിനൂതനമായ മാറ്റങ്ങളാണ് കഴിഞ്ഞ ഒരു പതിറ്റാണ്ടായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. ചികിത്സാ മികവും വ്യക്തിഗത പരിചരണം രോഗികൾക്ക് ഉറപ്പാക്കുന്നതുമായ ചികിത്സാരീതികൾ സമന്വയിപ്പിച്ചാണ് നിലവിൽ ഒട്ടുമിക്ക മുൻനിര ആശുപത്രികളും പ്രവർത്തിക്കുന്നത്. ഈ രംഗത്തേക്ക്, ഭാവിയുടെ വാഗ്ദാനമായി വന്നിരിക്കുകയാണ് ഡോ. അഷ്ന പി എ മെഡിക്കൽ ഡയറക്ടറായി പ്രവർത്തിക്കുന്ന ഫ്യൂച്ചർ എസ് ഹോസ്പിറ്റൽ. വിദേശരാജ്യങ്ങളിൽ സജീവമായതും ഇന്ത്യയിലെ മുൻനിര നഗരങ്ങളിൽ വേരുറപ്പിച്ചു വരുന്നതുമായ ബുട്ടീക്ക് ഹോസ്പിറ്റൽ എന്ന ആശയത്തെ കേരളത്തിൽ ആദ്യമായി ഫ്യൂച്ചർ എസ് ഹോസ്പിറ്റലിലൂടെ യാഥാർത്ഥ്യമാക്കിയിരിക്കുകയാണ് ഡോ. അഷ്ന.

പഠിച്ചത് വൈദ്യശാസ്ത്രം ആയിരുന്നെങ്കിലും ചെറുപ്പം മുതൽക്ക് ബിസിനസ് രംഗത്തോട് ഡോ. അഷ്നയ്ക്ക് പ്രത്യേക താൽപര്യമുണ്ടായിരുന്നു. ഡെന്റിസ്ട്രിയിൽ പഠനം പൂർത്തിയാക്കി പ്രാക്ടീസ് തുടരുന്നതിനിടയ്ക്കാണ് ബുട്ടീക്ക് ഹോസ്പിറ്റൽ എന്ന ആശയം അഷ്നയെ സ്വാധീനിക്കുന്നത്. താൻ തൊഴിൽ ചെയ്യുന്ന മേഖലയിൽ നിന്നും പൂർണമായും മാറി ഒരു ബിസിനസ് ചെയ്യുന്നതിനോട് അഷ്നയ്ക്ക് താൽപര്യമില്ലായിരുന്നു. അങ്ങനെയാണ് ആതുരസേവനവും ബിസിനസ് മാനേജ്മെന്റ് മികവും ഒന്നിച്ചു കൊണ്ടുപോകാൻ കഴിയുന്ന രീതിയിൽ ബുട്ടീക് ഹോസ്പിറ്റൽ എന്ന ആശയത്തിലേക്ക് അവർ എത്തുന്നത്. പിന്നീട് അഷ്ന ബുട്ടീക്ക് ആശുപത്രികളുടെ പ്രവർത്തന രീതികളെപ്പറ്റി കൂടുതലായി പഠിക്കുകയായിരുന്നു.

**എന്താണ് ബുട്ടീക്ക് ഹോസ്പിറ്റൽ?**

ആരോഗ്യരംഗത്തെ പുതിയ ബിസിനസ് പ്രവണതയാണ് ബുട്ടീക്ക് ഹോസ്പിറ്റൽ എന്ന ആശയം. രോഗശമനത്തോടൊപ്പം രോഗികളുടെ സൗകര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ആശുപത്രി മാതൃകയാണിത്. എല്ലാവിധ അത്യാധുനിക സൗകര്യങ്ങളോടും കൂടിയ ആശുപത്രിയിൽ സ്ഥിരം ഡോക്ടർമാർ എന്ന ആശയത്തിന് പ്രസക്തിയില്ല. പകരം എല്ലാ ദിവസവും മുൻകൂട്ടി നിശ്ചയിച്ച സമയങ്ങളിൽ പരിശോധനയ്ക്കായി മികവുറ്റ ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാക്കുന്നു.ഇതിന്റെ പ്രധാന ഗുണം, രോഗിക്ക് ഡോക്ടറെ സന്ദർശിക്കുന്നതിനായി കൃത്യസമയം മുൻകൂട്ടി അറിയിക്കുന്നു എന്നതാണ്. ആ സമയത്ത് മാത്രം രോഗി ആശുപത്രിയിൽ എത്തിയാൽ മതി. ആശുപത്രിയിൽ എത്തി മിനിറ്റുകൾക്കുള്ളിൽ ഡോക്ടർ പരിശോധിക്കുകയും ടെസ്റ്റുകൾ ആവശ്യമെങ്കിൽ നടത്തുന്നതിനായുള്ള സൗകര്യം ഒരുക്കി നൽകുകയും ചെയ്യുന്നു. രോഗികൾക്കും കൂടെ വരുന്നവർക്കും സമയനഷ്ടം ഉണ്ടാകുന്നില്ലെന്നത് ഇതിന്റെ നേട്ടമാണ്.

"ഞാൻ പല ഹോസ്പിറ്റലുകളിലും കണ്ടിട്ടുള്ള കാര്യമാണ് ഡോക്ടറെ കാണാനായി രാവിലെ മുതൽ വന്നു കാത്തിരിക്കുന്ന ആളുകളുടെ നീണ്ട നിര. ഇതിനിടയ്ക്ക് വെള്ളം കുടിക്കാനോ ഭക്ഷണം കഴിക്കാനോ എന്തിനു ടോയ്‌ലറ്റിൽ പോകാനുള്ള അവസരം പോലും പല രോഗികൾക്കും കിട്ടുന്നില്ല. രോഗികളെ സംബന്ധിച്ച് ഒരിക്കലും ഇതൊരു ശാസ്ത്രീയ രീതിയല്ല. രോഗത്തിന്റെ കാഠിന്യം കൂടാൻ മാത്രമേ ഇത്തരം ഹോസ്പിറ്റൽ സന്ദർശനങ്ങൾ സഹായിക്കൂ. ഇതിനൊരു പരിഹാരമെന്ന നിലയ്ക്കാണ് ബുട്ടീക്ക് ഹോസ്പിറ്റൽ എന്ന ആശയം ഞങ്ങൾ മുന്നോട്ട് വച്ചത്. വളരെ വേഗത്തിൽ തന്നെ ഇത് ശ്രദ്ധിക്കപ്പെടുകയും ധാരാളം രോഗികൾ ഞങ്ങളെ ആശ്രയിക്കുന്ന അവസ്ഥയുണ്ടാകുകയും ചെയ്തു," ഫ്യൂച്ചർ എസ് ഹോസ്പിറ്റലിന്റെ തുടക്കത്തെപ്പറ്റി ഡോ. അഷ്ന പറയുന്നു.

രോഗികൾക്കായി പ്രീമിയം നിലവാരത്തിലുള്ള ആശുപത്രി സൗകര്യങ്ങൾ, മികച്ച പേഷ്യന്റ്-സ്റ്റാഫ് അനുപാതം, സാങ്കേതികത ഉപയോഗിച്ചുള്ള വേഗതയേറിയ



ഡോ. അഷ്ന പി എ

സേവനം, വെൽനെസ്, പ്രിവെന്റീവ് കെയർ എന്നിവയ്ക്ക് മുൻഗണന, വ്യക്തിഗതമായ രോഗി പരിചരണം എന്നിവയെല്ലാമാണ് ബുട്ടീക്ക് ആശുപത്രികളുടെ പ്രത്യേകതകൾ. തിരക്കും ശബ്ദവുമില്ലാത്ത, ശാന്തമായ, സ്വകാര്യതയുള്ള പരിസരം ഇവ നൽകുന്നു. ഒരു വെൽനെസ് റിസോർട്ടിന് സമാനമായ അനുഭവമാണ് ഇവിടെ ലഭിക്കുന്നതെന്ന് രോഗികൾ സാക്ഷ്യപ്പെടുത്തുന്നുവെന്നാണ് അഷ്ന പറയുന്നത്.

### എന്തുകൊണ്ട് ഫ്യൂച്ചർ എസ് ശ്രദ്ധേയമാകുന്നു?

മിഡിൽക്ലാസ് സുഖസൗകര്യങ്ങൾ, സ്വകാര്യത, പ്രൊഫഷണൽ പരിചരണം എന്നിവ ആരോഗ്യരംഗത്ത് ആഗ്രഹിക്കുന്നവരാണ് മലയാളികൾ. ഇത്തരം സൗകര്യങ്ങൾ ഫ്യൂച്ചർ എസ് കുറഞ്ഞ ചെലവിൽ ഒരുക്കി നൽകുന്നു. ഡോക്ടർമാരിൽ നിന്നും നഴ്സുമാരിൽ നിന്നും ലഭിക്കുന്ന വ്യക്തിഗത പരിചരണം രോഗികൾക്ക് സംതൃപ്തി നൽകുകയും രോഗമുക്തി വേഗത്തിലാക്കുകയും ചെയ്യുന്നു. ബുട്ടീക്ക് ആശുപത്രികളിൽ ഒരേ സമയം കൂടുതൽ രോഗികൾ ഇല്ലാത്തതിനാൽ ഡോക്ടർമാർ രോഗികൾക്കായി കൂടുതൽ സമയം ചെലവഴിക്കുകയും ചെയ്യുന്നു. ചുരുങ്ങിയ ചെലവ്, മികച്ച രീതിയിലുള്ള അണുബാധാ നിയന്ത്രണം, സ്മൂത്ത് പേഷ്യന്റ് ഫ്ലോ, കൃത്യമായ സ്റ്റാഫ് മോണിറ്ററിംഗ് എന്നിവ ഫ്യൂച്ചർ എസിന്റെ സവിശേഷതകളാണ്.

ഓർത്തോപീഡിക്സ്, ഇഎൻടി, മാക്സില്ലോഫേഷ്യൽ, സൈക്യാട്രി, കോസ്മറ്റിക് സർജറി എന്നീ വിഭാഗങ്ങളിൽ തനത് വ്യക്തിമുദ്ര പതിപ്പിച്ച ആശുപത്രിയാണ് ഫ്യൂച്ചർ എസ്. ജനറൽ മെഡിസിൻ, ഡെന്റിസ്ട്രി, സൈക്യാട്രി തുടങ്ങി ഒട്ടനവധി വിഭാഗങ്ങളുടെ സേവനം ഇവിടെ ഒരുക്കിയിട്ടുണ്ട്. ആശുപത്രിയിലെ ക്യൂറേറ്റഡ് കഫേ, റീഹാബിലിറ്റേഷൻ,

> ഞാൻ പല ഹോസ്പിറ്റലുകളിലും കണ്ടിട്ടുള്ള കാര്യമാണ് ഡോക്ടറെ കാണാനായി രാവിലെ മുതൽ വന്നു കാത്തിരിക്കുന്ന ആളുകളുടെ നീണ്ട നിര. ഇതിനിടയ്ക്ക് വെള്ളം കുടിക്കാനോ ഭക്ഷണം കഴിക്കാനോ എന്തിന് ടോയ്‌ലറ്റിൽ പോകാനുള്ള അവസരം പോലും പല രോഗികൾക്കും കിട്ടുന്നില്ല. ഇതൊരു ശാസ്ത്രീയ രീതിയല്ല. രോഗത്തിന്റെ കാഠിന്യം കൂടാൻ മാത്രമേ ഇതുപകരിക്കൂ. അതിനൊരു പരിഹാരമെന്ന നിലയ്ക്കാണ് ബുട്ടീക്ക് ഹോസ്പിറ്റൽ എന്ന ആശയം ഞങ്ങൾ മുന്നോട്ട് വെച്ചത്
>
> ഡോ. അഷ്ന പി എ



പ്രിവെന്റീവ് കെയർ എന്നിവ മികച്ച അന്തരീക്ഷം പ്രദാനം ചെയ്യുന്നു. കിടത്തി ചികിത്സയ്ക്കായി നിലവിൽ വളരെ ചുരുക്കം റൂമുകൾ മാത്രമാണ് സജ്ജീകരിച്ചിട്ടുള്ളത്.എന്നാൽ അത്രയും മികച്ച രീതിയിൽ തന്നെയാണ് ഒരുക്കിയിരിക്കുന്നത്. കിടത്തി ചികിത്സ ആവശ്യമുള്ള രോഗികൾക്കായി 10 ലക്ഷ്വറി സ്യൂട്ടുകൾ, രണ്ട് ആധുനിക മോഡുലാർ ഓപ്പറേഷൻ തിയേറ്ററുകൾ, ICU & HDU വിത്ത് അഡ്വാൻസ്ഡ് മോണിറ്ററിങ്, എക്സ്-റേ, അൾട്രാസൗണ്ട്, ഇസിജി, ഇക്കോ എന്നിവ ഉൾപ്പെട്ട ഫുൾ ഡയഗ്നോസ്റ്റിക് സംവിധാനം, ദേശീയ നിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നതായി ഉറപ്പിക്കുന്ന എൻഎബിഎച്ച് സർട്ടിഫിക്കേഷൻ എന്നിവയെല്ലാം ഫ്യൂച്ചർ എസിന്റെ മികവാണ്.

കിടപ്പിലായ രോഗികളെ വീടുകളിൽ പോയി പരിശോധിക്കുകയും പാലിയേറ്റീവ് കെയർ സർവീസുകൾ നൽകുകയും ചെയ്യുന്ന വിഭാഗവും ആശുപത്രി പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

### കരുത്തായി ഡോ. അഷ്ന പി എ

അമൃത ഡെന്റൽ കോളെജിൽ നിന്നും മാക്സിലോഫേഷ്യൽ പ്രോസ്തൊഡോന്റിക്സ് & ഇംപ്ലാന്റോളജിയിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ ഡോ. അഷ്നക്ക് ഈമേഖലയിൽ നീണ്ട 15 വർഷത്തെ പ്രവൃത്തി പരിചയമുണ്ട്. ലേസർ ഡെന്റിസ്ട്രി, ഫേഷ്യൽ പ്രോസ്തെറ്റിക്സ്, ഇംപ്ലാന്റുകൾ, ഫുൾ മൗത്ത് റീഹാബിലിറ്റേഷൻ എന്നിവയിലെ വൈദഗ്ധ്യമാണ് ഡോ. അഷ്നയെ വ്യത്യസ്തയാക്കുന്നത്. ഹെൽത്ത്കെയർ ലീഡർഷിപ്പിലും വനിതാ ശാക്തീകരണത്തിലും നിരവധി അവാർഡുകൾ അഷ്നയെ തേടിയെത്തിയിട്ടുണ്ട്.